മിസ്റ്റർ പി. ഗോവിന്ദമേനോൻ :

(എ) എല്ലാംകൂടി ഇപ്പോൾ ഫ്രീ ഫൈസ് മില്ലുകൾ ഉണ്ട്.

ഗവൺമെണ്ടിൽനിന്നും ഓരോ മില്ലിലേക്കും അരക്കാൻ കൊടുത്ത നെല്ലിന്റെ കണക്ക് അനുബന്ധത്തിൽ ചേർത്തിട്ടുണ്ട് (Appendix I).

ഇപ്പോൾ ഒരു വണ്ടി നെല്ലിന് (60 പറ) കൊടുത്തുവരുന്ന കൂലി നിരക്ക് ക. ര—വ—ന്നു വീതം ആണ്.

ഉവ്വ്.

ഉവ്വ്. ഇപ്പോഴത്തെ നിരക്കു മുട്ടപ്പറക്കു മില്ലുകളുള്ള സ്ഥലങ്ങളിൽ ന. ന. യും, ബാക്കി ദിക്കുകളിൽ ന½ണ. യും ആണ്.

(ബി) ഉണ്ട്.

ഓരോ വണ്ടി നെല്ലിനും നെല്ലിന്റെ തരാതരം അനുസരിച്ചു പത്തു മുതൽ പതിനഞ്ചു പറവരെ തവിട് കിട്ടുന്നതാണ്.

തവിട് ആവശ്യക്കാർക്കു കൊടുക്കുന്നതിൽ കായ്മയായ വ്യവസ്ഥകൾ ചെയ്തിട്ടില്ല. എന്നാൽ ആവശ്യക്കാർക്കു ആവശ്യംപോലെ കിട്ടുന്നതിനു മില്ലുകളിൽ സ്റ്റോക്കുള്ളപ്പോഴെല്ലാം ആവശ്യക്കാരുടെ തോതു് അനുസരിച്ചും ആവശ്യക്കാർക്ക് തവിട് മേടിക്കുവാൻ അതാതു ഫർക്കാ ഫീൽഡാഫീസർമാരെ ടി ഫർക്കയിൽ ഉള്ള മില്ലുകളിൽനിന്നും വാങ്ങിക്കുവാനുള്ള സ്ലിപ്പ് കൊടുക്കുവാൻ ഏർപ്പാടു് ചെയ്തിട്ടുണ്ട്. സാധാരണയായി തവിട് കൊടുക്കുന്നതിനു മില്ലുകളിൽനിന്നും രശീതി കൊടുക്കാറുണ്ട്.

അതിനു വ്യവസ്ഥകൾ ചെയ്യാൻ വിരോധമില്ല.

BUS SERVICE BETWEEN ERNAKULAM AND THIRUMARAYUR

309. **Mr. S. P. Luiz** *(Nominated)*: Will Government be pleased to state.—

(*a*) whether it is a fact that sanction to run a bus service from Thirumaryur to Ernakulam was not given due to the wall position of the culvert near Veleyanad School;

(*b*) if so, do the Government propose to reconstruct the same;

(*c*) did the Government note the necessity of reconstructing this early;

(*d*) if so, when;

(*e*) why it was delayed?

Rao Bahadur T. K. Nayar *(Minister for Public Health)*:

(*a*) Sanction has been given to run a bus service between Ernakulam and Thirumarayur up to the embankment near the temple. There has been no prohibition to run the bus service on account of any defect to the culvert near Veleyanad School.

(*c*) The question of reconstruction of the culvert has not arisen.

MULLUR KAYAL IRRIGATION—WATER CESS—PAYMENT OF

310. മിസ്റ്റർ കെ. എസ്. പണിക്കർ :

താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) മുള്ളൂർകായലിൽ വെള്ളം കയറി നിറുത്തി എന്നതിനു് ഫ ഫ ഫൻ-ലും, ഫ ഫ വ ഠ-ലും ജലനികുതി കൊടുക്കണമെന്നു് തൃശ്ശിവപേരൂർ താലൂക്കിലെ കോൾകൃഷിക്കാരോടു് ഗവൺമെണ്ടു് ആവശ്യപ്പെട്ടിട്ടില്ലെ;

(ബി) പ്രസ്തുത സ്റ്റോറേജിൽനിന്നു കൃഷി ആവശ്യത്തിലേക്കു വെള്ളം ഉപയോഗിച്ചുവർ മാത്രം ജലനികുതി കൊടുത്താൽമതിയെന്നും ഉത്തരവുണ്ടായിട്ടില്ലെ;

(സി) ഇപ്പോൾ ജലനികുതി കൊടുക്കണമെന്നു് ഗവൺമെണ്ടു് നിർബന്ധിക്കുന്ന എല്ലാകോൾകൃഷിക്കാരും ഈ വെള്ളം ഉപയോഗിച്ചിട്ടുണ്ടോ;

(ഡി) അന്യായവും അക്രമവും ആയിട്ടാണു് ഈ ജലനികുതി പിരിക്കുന്നതെന്നും മറ്റും ബഹുമാനപ്പെട്ട മന്ത്രി അവർകളോടു് കോൾകൃഷിക്കാർ അറിയിച്ചിട്ടുണ്ടോ,

(ഇ) ഉണ്ടെങ്കിൽ അക്കാര്യത്തിൽ എന്തുചെയ്യുവാനാണു് തീർച്ചയാക്കിയിരിക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി :

(എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) എല്ലാ കോഠകൃഷിക്കാരും വെള്ളം ഉപയോഗിച്ചിട്ടുണ്ടോ ഇല്ലയോ എന്നു് പറയുവാൻ തരമില്ല.

(ഡി) ഈ പദ്ധതികൊണ്ടു് ഏതാണ്ടും കോഠകൃഷിക്കാക്കു് ഗുണം സിദ്ധിച്ചിട്ടില്ലെന്നും ഫ ഫ ഫ൯, ഫ ഫ ഠ ഠ ഈ കൊല്ലങ്ങളിൽ കോഠകൃഷിക്കു് പൊതുവെ പിഴവാണുണ്ടായിട്ടുള്ളതെന്നും തന്മൂലം കൃഷിക്കാരിൽ നിന്നു ജലനികുതി വസൂലാക്കുന്നതു് സങ്കടകരമാണെന്നും ഗവണ്മെണ്ടിലേക്കു് പലേ നിവേദനങ്ങളും സമർപ്പിച്ചിരുന്നു.

(ഇ) ഈ നിവേദനങ്ങളെപ്പറ്റി ഗവണ്മെണ്ടു് പുനരാലോചന നടത്തുകയും ഫ ഫ ഫ൯-ലും ഫ ഫ ഠ ഠ-ലും കോഠകൃഷിക്കാർ ജലനികുതി കൊടുക്കേണ്ടതില്ലെന്നു തീരുമാനിക്കുകയും ചെയ്തിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഫ ഫ ഠ ഠ-ൽ കോഠകൃഷിക്കാക്കു് സബ്സിഡി, ഏക്കറിന്നു് നാലുറുപ്പികപ്രകാരം, കൊടുക്കാൻ തീച്ചയാക്കിയിട്ടുണ്ടായിരുന്നില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉണ്ടായിരുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതു് കൊടുത്തിട്ടുണ്ടോ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൃഷി നശിച്ചതുകൊണ്ടാണോ അതു കൊടുക്കാഞ്ഞതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതു മാത്രമല്ല, അവരുടെ കയ്യിൽനിന്നും സംഖ്യ പിരിഞ്ഞു കിട്ടാനുണ്ടായിരുന്നു. അതു കഴിച്ചു് ബാക്കി കൊടുക്കാനാണു് തീരുമാനിച്ചിരുന്നതു്. എന്നാൽ എല്ലാവക്കും വെള്ളം ശരിയ്ക്കു് കിട്ടീട്ടില്ലെന്നു് പരാതിയുണ്ടായപ്പോഠം അവരുടെ കയ്യിൽനിന്നും പിരിക്കേണ്ട സംഖ്യ പിരിക്കേണ്ട എന്നും, സബ്സിഡി കൊടുക്കേണ്ട എന്നും വെച്ചു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കൃഷി പിഴച്ചതുകൊണ്ടല്ലെ നികുതി പിരിക്കേണ്ട എന്നു തീരുമാനിച്ചതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതിന്നു പല കാരണങ്ങളുമുണ്ടു്. സബ്സിഡി കൂടാതെ ഏഴര ഉറുപ്പികയാണു് പിരിയേണ്ടതു്. അതിൽ സബ്സിഡി കഴിച്ചു് മുക്കാലോ മറ്റോ ആണു് പിരിക്കേണ്ടതു്. ഇതിനെക്കുറിച്ചു് പുനരാലോചിച്ചതിന്നുശേഷം പിരിക്കാനുള്ള സംഖ്യ പിരിയ്ക്കേണ്ടെന്നും, സബ്സിഡി കൊടുക്കേണ്ടെന്നുംവെച്ചു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മറ്റുള്ള കൃഷിയേക്കാൾ കോഠകൃഷിക്കു് കൂടുതൽ ചിലവുണ്ടെന്നു് ഗവണ്മെണ്ടിന്നറിയാമൊ?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉവ്വു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതുകൊണ്ടല്ലെ സബ്സിഡി കൊടുക്കാൻ തീരുമാനിച്ചതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: അതും ഒരു കാരണമാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വലിയ ഭൂരിഭാഗം കോഠകൃഷിക്കാക്കു ഉപയോഗമില്ലാത്ത ഒരു ജലസേചന പദ്ധതിയുണ്ടാക്കി അതിന്നു് നികുതി കൊടുക്കണമെന്നു പറഞ്ഞതു് കോഠകൃഷി പിഴച്ചുപോയതുകൊണ്ടല്ലെ വേണ്ടെന്നുവെച്ചതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഉപയോഗമില്ലാത്ത ഒരു പദ്ധതി ഗവണ്മെണ്ടു ഉണ്ടാക്കുമെന്നു് ബഹുമാനപ്പെട്ട മെമ്പർ വിചാരിക്കരുതു്. സംഗതിവശാൽ കൃഷി പിഴച്ചുപോയെന്നല്ലാതെ പദ്ധതിയുടെ കുറ്റംകൊണ്ടല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ കൊല്ലത്തിൽ കൃഷി നശിച്ചതുകൊണ്ടാണോ സബ്സിഡി കൊടുക്കാതിരുന്നതു് എന്നാണെനിക്കറിയേണ്ടതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: മുള്ളർ കായൽ സ്കീമിനു് തൊണ്ണൂറായിരം രൂപയാണു് ആകെ ചിലവു വന്നിട്ടുള്ളതു്. നാല്പത്തേഴായിരത്തിൽ ചിലപ്പോൾ രൂപയാണു് സബ്സിഡി കഴിച്ചു് പിരിക്കാൻ വെച്ചിരുന്നതു്, അതാണു് പിന്നീടു പിരിക്കേണ്ടെന്നു് തീരുമാനിച്ചതു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ആ കൊല്ലത്തിൽ യാതൊരു ജലനികുതിയും പിരിച്ചിട്ടില്ലേ?

മിസ്റ്റർ സി. ആർ. ഇയ്യണ്ണി: ഇല്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ആരിൽനിന്നാണു് പിരിച്ചിട്ടില്ലാത്തതെന്നു് പറയാമോ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: പിരിച്ചിട്ടുണ്ടായിരുന്നു. പിന്നീടു് അതു് തിരിച്ചു കൊടുത്തു. അപ്പോൾ അതു പിരിക്കാത്ത ഫലം തന്നെയല്ലെ.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: അതു തിരിച്ചു കൊടുത്തുവൊ?

റാവു സാഹിബ്ബു് എ. മാധവപ്രഭു: കൊടുക്കുമല്ലൊ?

THE OFFICE OF THE WATER WORKS ASSISTANT ENGINEER—TRANSFER TO CHOWWARA

311. **Mr. P. Mani** (*Kanayannur*): Will Government be pleased to state —

(*a*) whether the Office of the Water Works Assistant Engineer was transferred to Chowwara from Ernakulam;

(*b*) if so, why was it and when was it;

(*c*) who was in charge of the Head works at Chowwara before the transfer;

(*d*) what was done with that officer after the transfer;

(*e*) how many officers in this office had to leave Ernakulam and go to Chowwara due to this transfer; and

(*f*) what is the jurisdiction of the Water Works Assistant Engineer?

Rao Sahib K. Ayyappan (*Minister for Public Works*):

(*a*) Yes.

(*b*) The office was transferred to Chowwara on 7th Kanni 1122 to be in a more central place than in Ernakulam and to be near the important water works of the State *viz.*, Chowwara and Alwaye.

(*c*) The Superintendent, Chowwara Head works.

(*d*) The Superintendent, Chowwara Head works has to continue.

(*e*) Only one since many of those employed in that office were retained in the other offices at Ernakulam.

(*f*) The whole State.

മിസ്റ്റർ പി. മാണി: ഈ ചൊവ്വര കൊച്ചിൻ സ്റ്റേറ്റിന്റെ സെൻട്രൽ ആണെന്നാണൊ പറയുന്നതു്? ഈ അസിസ്റ്റാണ്ടു് എഞ്ചിനീയരുടെ സ്റ്റാഫിൽ രണ്ടുപേരല്ലെ ഉള്ളു?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അവിടെയുള്ളവരെക്കൊണ്ടു് ജോലി നടത്തിട്ടുണ്ടാകും.

മിസ്റ്റർ പി. മാണി: ഈ സൂപ്രണ്ടും സ്റ്റാഫിൽ ഉള്ളതാണല്ലൊ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അതെ.

മിസ്റ്റർ പി. മാണി: ഈ സൂപ്രണ്ടു് നടത്തിയിരുന്ന ജോലിയല്ലെ അസിസ്റ്റാണ്ടു് എഞ്ചിനീയർ അവിടെ നടത്തുന്ന ജോലി?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: അല്ല. അസിസ്റ്റാണ്ടു എഞ്ചിനീയർ സ്റ്റേറ്റു് ഒട്ടുക്കുള്ള ആളാണു്.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: വീടുകളിലേക്കു് pipe connection ആവശ്യപ്പെട്ടാൽ അതു പാസ്സാക്കേണ്ടതു് അസിസ്റ്റാണ്ടു എഞ്ചിനീയരല്ലെ?

റാവു സാഹിബ്ബു് കെ. അയ്യപ്പൻ: ആയിരിക്കാം.

മിസ്റ്റർ പി. ടി. ജേക്കബ്ബു്: അങ്ങനെയാണെന്നാണു് എന്റെ അറിവു്. അപ്പോൾ അങ്ങേഹത്തിന്റെ ആഫീസ്സു് ഇവിടെനിന്നും മാറുന്നതുകൊണ്ടു വെള്ളം ആവശ്യമുള്ളവർക്കു് അതനുവദിച്ചു കിട്ടാൻ വിഷമമുണ്ടാകുന്നില്ലെ?

LIBRARY ARCHIVES Kerala Legislative Assembly